പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.32 - 26/02/2018 ലെ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പിണറായി വിജയൻ, മുഖ്യമന്ത്രി |

**സിറ്റി കോമ്പൻസേറ്ററി അലവൻസ്**

| **ചോദ്യം** | **മറുപടി** |
|---|---|
| (എ) സർക്കാർ ജീവനക്കാർക്ക് സിറ്റി കോമ്പൻസേറ്ററി അലവൻസ് (CCA) നൽകി വരുന്നത് എന്തെല്ലാം ചെലവുകൾ വഹിക്കുന്നതിന് വേണ്ടിയാണ്, വ്യക്തമാക്കുമോ? | (എ) ബി-2 ക്ലാസിൽ പെടുന്ന നഗരങ്ങളിൽ ജീവിത ചെലവ് മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്നതായതിനാൽ ഈ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തിക ക്ലേശങ്ങൾക്ക് ഒരാശ്വാസം എന്ന നിലയ്ക്കാണ് സിറ്റി കോമ്പൻസേറ്ററി അലവൻസ് (CCA) അനുവദിക്കുന്നത്. |
| (ബി) സി.സി.എ, ജീവനക്കാരിൽ നിന്നും കുറവു ചെയ്ത് പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ പൊതുഭരണ വകുപ്പിൽ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) ഇതു സംബന്ധിച്ച നിർദ്ദേശം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കുന്ന വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർക്ക് സി.സി.എ. നൽകി വരുന്നുണ്ടോ; ഇത് കുറവ് ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ഓൾ ഇന്ത്യ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സി.സി.എ അനുവദിച്ചിട്ടില്ല. |

Rehmath

അക്കൗണ്ട്സ് ഓഫീസർ